ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം: ടിബിഒ/189/2023-എ1

പാഠപുസ്തക ആഫീസറുടെ കാര്യാലയം,
പത്മവിലാസം റോഡ്
ഫോർട്ട്, തിരുവനന്തപുരം-23
തീയതി:26-07-2024
ഇ-മെയില് : tbo.dge@kerala.gov.in

പ്രേഷകൻ

പാഠപുസ്തക ആഫീസർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്കും,
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം- പാഠപുസ്തക വിഭാഗം- 2024-25— അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് വിതരണം നടത്തുന്ന രണ്ടാം വാല്യം പാഠപുസ്തകങ്ങളുടെ വില വിവരം - സംബന്ധിച്ച്

സൂചന :-
1. 11/4/2017 തിയതിയിലെ സ.ഉ.(സാധാ) നം.1056/2017/പൊ.വി.വ
2. 31/3/2017 തിയതിയിലെ സ.ഉ.(സാധാ) നം.916/2017/പൊ.വി.വ.
3. 22/6/2018 തിയതിയിലെ സ.ഉ.(സാധാ) നം.2333/2017/പൊ.വി.വ.
4. 30/8/2017 തിയതിയിലെ സ.ഉ.(സാധാ) നം.3081/2017/പൊ.വി.വ.
5. 27/03/2024 തിയതിയിലെ സ.ഉ (സാധാ) നം. 2458/2024/പൊ.വി.വ.
6. 12/07/2024 തിയതിയിലെ സ.ഉ (സാധാ) നം.4387/2024/പൊ.വി.വ.

******************

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2024-25 അദ്ധ്യയന വർഷം കരിക്കുലം മാറ്റമുള്ള 1, 3, 5, 7, 9 ക്ലാസ്സുകളിലെ രണ്ടാം വാല്യത്തിലെ 133 എണ്ണം ടൈറ്റിൽ പാഠപുസ്തകങ്ങളുടെ വില സൂചന (6) ലെ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും നിശ്ചയിച്ച് ലഭ്യമായിട്ടുണ്ട്. മേൽ ഉത്തരവും 2024-25 അദ്ധ്യയന വർഷത്തേക്കുള്ള 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ രണ്ടാം വാല്യമുള്ള 232 എണ്ണം ടൈറ്റിൽ പാഠപുസ്തകങ്ങളുടെ വിലവിവരപട്ടികയും

ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി പാഠപുസ്തകങ്ങളുടെ വില വിവരം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും (വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, സർക്കാർ/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾ) നോട്ടീസ് ബോർഡിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും കാണത്തക്കവിധത്തിൽ പതിപ്പിക്കേണ്ടതാണ്. ഇപ്രകാരം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ പാഠപുസ്തക വില പതിപ്പിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ വിലവിവരം അച്ചടിച്ചിട്ടുള്ള പാഠപുസ്തകങ്ങൾ മാത്രമേ വിദ്യാർത്ഥികൾക്ക് വിതരണം നടത്തുവാൻ പാടുള്ളൂ എന്ന നിർദ്ദേശം പ്രഥമാദ്ധ്യാപകർക്കും നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Tony Johnson
Date: 26-07-2024 14:37:45

പാഠപുസ്തക ആഫീസർ

ഉള്ളടക്കം : പാഠപുസ്തകത്തിന്റെ വില വിവര പട്ടിക

പകർപ്പ് :

1. എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (2024-25 അദ്ധ്യായന വർഷത്തെ പാഠപുസ്തകവില TBMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിന്)
2. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
3. വിദ്യാഭ്യാസ ആഫീസർ, ലക്ഷദ്വീപ്
4. വിദ്യാഭ്യാസ ആഫീസർ, മാഹി
5. ചീഫ് അക്കൌണ്ടന്റ്, പാഠപുസ്തക വിഭാഗം
6. എ സെക്ഷൻ സൂപ്രണ്ട്, പാഠപുസ്തക വിഭാഗം
7. കരുതൽ ഫയൽ